## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
ചോദ്യം നമ്പർ : 3265

18.10.2016 ൽ മറുപടിയ്ക്ക്

### ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ : | ശ്രീ.എ.സി.മൊയ്തീൻ<br>[സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി] |
| [എ] ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണ്; നിർമ്മാണ പുരോഗതി വിശദമാക്കുമോ; | [എ] ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് രണ്ടാം ഘട്ടമായി പെഡൽ ബോട്ട്, കുട്ടികളുടെ കളിസ്ഥലത്തിനു ചുറ്റും വേലി, ഗേറ്റ്, കളി ഉപകരണങ്ങൾ എന്നിവ ഉറപ്പെടുത്തിയുള്ള 8.9 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ഇതിനായുള്ള ടെൻഡർ നടപടികൾ മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചുവരികയാണ്. |

(ബി) ഇടവാ-നടയറക്കായലിന്റെയും പരവൂർ കായലിന്റെയും തെക്കുംഭാഗം-കാപ്പിൽ ബീച്ചിന്റെയും വിപുലമായ ടൂറിസം സാധ്യതകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പ്രദേശത്ത് സർക്കാർ തലത്തിൽ വിപുലവും സുരക്ഷിതവും ആസ്വാദ്യവുമായ വിനോദസഞ്ചാര പദ്ധതികൾക്കായി സർക്കാർ പുതിയ പ്രോജക്ടുകൾക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) & (സി) പരവൂർ കായലിന്റെയും മുക്കം താന്നി ബീച്ചിന്റെയും വിനോദസഞ്ചാര സാധ്യതകൾ വകുപ്പ് പരിഗണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മുക്കം താന്നി ബീച്ചിൽ വാക്-വേ, ഗാലറി, ഫെസിലിറ്റേഷൻ സെൻറർ എന്നിവ ഉൾപ്പെടുത്തി 68.4 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ